**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4951** **20-03-2025 - ൽ മറുപടിയ്ക്ക്**

**പി. എം. ശ്രീ സ്കൂൾ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാരിന്റെ പി.എം. ശ്രീ സ്കൂൾ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത് എപ്രകാരമാണെന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ; | (എ) | 2022 സെപ്റ്റംബർ 7-ാം തീയതി കേന്ദ്ര ക്യാബിനറ്റ് അംഗീകരിച്ച കേന്ദ്രാവിഷ്കൃത സ്കീമാണ് PM SHRI (PM ScHools for Rising India) School പദ്ധതി.<br><br>**ലക്ഷ്യം**<br><br>• 27,360 കോടി രൂപ ചെലവ് കണക്കാക്കി അഞ്ച് വർഷം കൊണ്ട് പദ്ധതി പൂർത്തിയാക്കുക.<br>• NEP 2020 വിഭാവനം ചെയ്തിരിക്കുന്നതുപോലെ നിലവിലുള്ള സ്കൂളുകളെ പദ്ധതികാലംകൊണ്ട് മികവിന്റെ കേന്ദ്രങ്ങളായി, Exemplar സ്കൂളുകളായി വളർത്തുക.<br>• പഠിതാക്കൾക്ക് സുരക്ഷയും സംരക്ഷണവും പിന്തുണയും ഉറപ്പാക്കുന്ന തരത്തിലുള്ള വിദ്യാലയ സാഹചര്യം ഒരുക്കുക.<br>• മെച്ചപ്പെട്ട ഭൗതിക സാഹചര്യം സംജാതമാക്കുക, ഉചിതമായ പഠനവിഭവങ്ങൾ തയ്യാറാക്കി പഠനപുരോഗതി ഉറപ്പാക്കുക തുടങ്ങിയവയിലൂടെ കുട്ടികളുടെ എല്ലാ തലങ്ങളിലുമുള്ള വികാസം ഉറപ്പാക്കുക.<br>• പ്രാപ്യത, ഗുണത, തുല്യത, ഉൾച്ചേർക്കൽ എന്നിവ ഉറപ്പാക്കി കുട്ടികളുടെ സമഗ്രമായ വികാസം ലക്ഷ്യമാക്കി രാജ്യത്തുടനീളം PM SHRI സ്കൂളുകൾ ആരംഭിക്കുക.<br><br>**സ്കൂൾ കണ്ടെത്തൽ**<br><br>യൂഡയസ്+ കോഡിന്റെ പരിധിയിൽ വരുന്ന എലമെന്ററി (ക്ലാസ് 1-5/1-8) സ്കൂളുകളും സെക്കന്ററി / സീനിയർ സെക്കന്ററി സ്കൂളുകളുമാണ് പദ്ധതി നടത്തിപ്പിനായി തിരഞ്ഞെടുക്കുന്നത്. ഇതിനായി സ്കൂളുകൾ ഓൺലൈൻ ചലഞ്ച് പോർട്ടലിൽ സ്വയം രജിസ്റ്റർ ചെയ്യേണ്ടതാണ്. പദ്ധതിയുടെ ആദ്യ രണ്ട് |

| | | | |
|---|---|---|---|
| | | | വർഷക്കാലം ഓരോ വർഷവും നാല് തവണ എന്ന രീതിയിൽ ഈ പോർട്ടലിൽ രജിസ്ട്രേഷൻ സൗകര്യം ലഭ്യമാകുന്നതാണ്. ഓരോ ബ്ലോക്ക്/അർബൻ റിസോഴ്സ് സെന്ററിൽ നിന്നും അർഹതയുള്ള പരമാവധി രണ്ട് സ്കൂളുകളെ വീതമാണ് (ഓരോ എലമെന്ററി, സെക്കന്ററി/ സീനിയർ സെക്കന്ററി സ്കൂളുകൾ വീതം) തിരഞ്ഞെടുക്കുന്നത്. മൂന്ന് ഘട്ടങ്ങളിലൂടെയാണ് സ്കൂളുകളുടെ തിരഞ്ഞെടുപ്പ് നടത്തുന്നത്.<br><br>**ആദ്യഘട്ടം**<br><br>NEP 2020 നടപ്പിലാക്കി സ്കൂളുകൾക്ക് തുടർച്ചയായ പിന്തുണ നൽകി നിർദിഷ്ട ഗുണത ഉറപ്പാക്കി അവയെ PM SHRI സ്കൂളുകളായി ഉയർത്തുന്നതിനുള്ള ധാരണാപത്രം (MoU) സംസ്ഥാനങ്ങൾ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയവുമായി ഒപ്പുവയ്ക്കൽ.<br><br>**രണ്ടാംഘട്ടം**<br><br>PM SHRI സ്കൂളുകളായി മാറ്റാൻ കഴിയുന്ന നിശ്ചിത യോഗ്യതയുള്ള സ്കൂളുകളെ യുഡയസ്+ ഡാറ്റ പ്രകാരം കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം കണ്ടെത്തുന്നു.<br><br>**മൂന്നാംഘട്ടം**<br><br>കണ്ടെത്തിയ സ്കൂളുകളെ നിശ്ചിത മാനദണ്ഡങ്ങൾ അനുസരിച്ച് വിലയിരുത്തുന്നു. സ്കൂളുകൾ സന്ദർശിച്ച് വിലയിരുത്തി സർട്ടിഫിക്കറ്റ് നൽകേണ്ടത് സംസ്ഥാനമാണ്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | • കേന്ദ്രം നൽകുന്ന ധാരണാപത്രം (MoU) ഒപ്പുവയ്ക്കൽ.<br>• സാമ്പത്തികം കൈമാറുന്നതിനായി SNA (Single Nodal Agency) സജ്ജമാക്കൽ.<br>• പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാനതലത്തിൽ ഒരു നോഡൽ ഓഫീസറെ ചുമതലപ്പെടുത്തൽ.<br>• പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കൽ.<br>• PM SHRI സ്കൂളുകളായി വികസിപ്പിക്കുന്ന സ്കൂളുകൾ തിരഞ്ഞെടുത്ത ജില്ലകളിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തിനും പദ്ധതി നടത്തിപ്പിനുമായി ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാതല കമ്മിറ്റികൾ രൂപീകരിക്കൽ. |

- പദ്ധതി നടത്തിപ്പ് കാലയളവിൽ സംസ്ഥാന ബഡ്ജറ്റ് പ്രൊവിഷനിൽ ഉൾപ്പെടുത്തി ധനകാര്യവിനിമയം ഉറപ്പാക്കൽ.
- ധാരണാപത്രം ഒപ്പുവച്ച് കഴിഞ്ഞാലുടൻ സംസ്ഥാനങ്ങളിലെ സ്കൂളുകളുടെ തിരഞ്ഞെടുക്കൽ.
- NEP 2020 എല്ലാ ഘടകങ്ങളും സംസ്ഥാനത്ത് മുഴുവൻ നടപ്പിലാക്കുക.
- തിരഞ്ഞെടുക്കപ്പെട്ട സ്കൂളിന്റെ പേരിനു മുന്നിൽ PM SHRI എന്നു ചേർക്കണം.
- PM SHRI സ്കൂൾ പദ്ധതി നടപ്പിലാക്കുന്നത് കേരള സർക്കാരിന്റെ സ്കൂൾ വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയായിരിക്കും.
- നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അതേ ഫണ്ടിംഗ് പാറ്റേൺ ആയിരിക്കും PM SHRI പദ്ധതിയിലും അനുവർത്തിക്കുക. പദ്ധതി കാലയളവിൽ മുഴുവനും ആനുപാതികമായ സംസ്ഥാനവിഹിതം നൽകേണ്ടതാണ്.
- സുരക്ഷാ വ്യവസ്ഥകൾക്കനുസരിച്ച് എല്ലാ PM SHRI സ്കൂളിലും ഭിന്നശേഷി സൗഹൃദ പ്രവേശനം (barrier free access) ഉറപ്പുവരുത്തണം.
- ആവശ്യമായ ഇടപെടലുകളിലൂടെ എല്ലാ PM SHRI സ്കൂളുകളും ഹരിത വിദ്യാലയങ്ങളാക്കി മാറ്റണം.
- കുട്ടികളുടെ സമഗ്ര വികാസത്തിനുതകുന്ന Innovative Pedagogy എല്ലാ PM SHRI സ്കൂളിലും നടപ്പിലാക്കുന്നുണ്ടെന്ന് സംസ്ഥാനം ഉറപ്പുവരുത്തേണ്ടതാണ്.
- പഠനനേട്ടങ്ങളെ (Learning Outcomes) അടിസ്ഥാനമാക്കിയുള്ള സ്കൂൾതല മൂല്യ നിർണ്ണയം നടത്തുകയും Holistic Progress Card (HPC) നടപ്പിലാക്കുകയും വേണം.
- വിദ്യാസമീക്ഷാ കേന്ദ്ര (VSK) വഴി എല്ലാ PM SHRI സ്കൂളിലേയും പഠനനേട്ടം വിലയിരുത്തുകയും നിയന്ത്രിക്കുകയും ചെയ്യണം.
- എല്ലാ PM SHRI സ്കൂളുകളിലും രണ്ടു വർഷത്തിനകം എല്ലാ ക്ലാസ്സുകളിലും കൊഴിഞ്ഞുപോക്കില്ല (Dropout) എന്ന് ഉറപ്പുവരുത്തണം.
- വിദ്യാഭ്യാസാവകാശ നിയമം അനുശാസിക്കുന്ന വിദ്യാർത്ഥി-അധ്യാപക അനുപാതം പ്രൈമറി, അപ്പർ പ്രൈമറി ക്ലാസ്സുകളിലും വിഷയാധിഷ്ഠിത വിദ്യാർത്ഥി-

അധ്യാപക അനുപാതം സെക്കന്ററി തലത്തിലും ഉറപ്പ് വരുത്തണം.

- PM SHRI സ്കൂളിന്റെ വികസനത്തിന് ആവശ്യമായ ഫണ്ട് 15-ാം ഫിനാൻസ് കമ്മിഷൻ MNREGA, District Mining Fund തുടങ്ങിയവയ്ക്ക് അനുവദിച്ച ഫണ്ടിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.
- സമഗ്ര ശിക്ഷാ, PM പോഷൺ, Early Childhood Care and Education, Jal Jeevan Mission, Ministry of Labour and Employment, ഭിന്നശേഷിയുള്ളവർക്ക് സഹായക ഉപകരണങ്ങൾ നൽകുന്നതിന് (ADIP Scheme), School Health Programme (SHP), ഗ്രാമ വികസന മന്ത്രാലയം, പഞ്ചായത്ത് രാജ് മന്ത്രാലയം, Urban Local bodies, Telecom, Ministry of Skill Development and Entrepreneurship, കായിക-യുവജന മന്ത്രാലയം, സമൂഹവും സ്കൂളും, പൂർവ-വിദ്യാർത്ഥികൾ, വിരമിച്ച വിദ്യാഭ്യാസ പ്രവർത്തകർ, NGOs/ CSOs/ Corporates, രക്ഷാകർത്താക്കൾ തുടങ്ങിയവരുടെ സേവനവും നിരന്തരബന്ധവും ഉറപ്പാക്കണം.
- അഡീഷണൽ ചീഫ് സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറി/ വിദ്യാഭ്യാസ സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.
- ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.
- PM SHRI സ്കൂളിന് അനുവദിക്കുന്ന ഫണ്ടിന്റെ 40%ത്തോളം ഫ്ളെക്സിബിൾ ഫണ്ടായി ഉപയോഗിക്കാവുന്നതാണ്. സ്കൂളിന്റെ ആവശ്യകതയനുസരിച്ച് ജില്ലാ മോണിറ്ററിംഗ് കമ്മിറ്റി ഫ്ളെക്സിബിൾ ഫണ്ടിന്റെ പ്രൊപ്പോസൽ സംസ്ഥാനത്തിന് നൽകുകയും സംസ്ഥാനത്തിന്റെ ശുപാർശയോടെ അത് കേന്ദ്രത്തിന് അയയ്ക്കുകയും വേണം.
- PM SHRI സ്കൂളുകളിലെ School – Teacher – Student Registry ഉറപ്പാക്കണം.
- School Quality Assessment Framework (SQAF) ലേയും സമഗ്ര ശിക്ഷയിലെ Key Performance Indicators ലേയും പ്രവർത്തന മികവ് പരിഗണിച്ചാണ് 5 വർഷം തുടർച്ചയായി PM SHRI സ്കൂളിന് ധനസഹായവും പിന്തുണയും ലഭിക്കുന്നത്. കേന്ദ്ര-സംസ്ഥാന

| | | | |
|---|---|---|---|
| | | | തലങ്ങളിൽ പിന്തുണയും മോണിറ്ററിംഗും ഉറപ്പാക്കേണ്ടതുണ്ട്.<br>• പദ്ധതി കാലയളവിനുശേഷം (അഞ്ചുവർഷത്തിനു ശേഷം) PM SHRI സ്കൂളുകളുടെ എല്ലാ വ്യവസ്ഥകളും പാലിച്ചുകൊണ്ട് സംസ്ഥാനം ഇവ ഏറ്റെടുക്കേണ്ടതുണ്ട്.<br>• PM SHRI പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം കാലാകാലം പുറപ്പെടുവിക്കുന്ന നിർദേശങ്ങൾ പാലിക്കുവാൻ സംസ്ഥാനം ബാധ്യസ്ഥമാണ്.<br>• ഇരുപാർട്ടികളും അവരവരുടെ ധാരണാപത്രം നിർവചിക്കുന്ന കർത്തവ്യങ്ങൾ പാലിക്കേണ്ടതാണ്.<br><br>ഈ സ്കീമിന്റെ ഭരണപരമായ നടത്തിപ്പ് നിലവിലുള്ള സമഗ്ര ശിക്ഷാ പദ്ധതിയുടെ ഭാഗമായിട്ടാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. |
| (സി) | പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നത് സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (സി) | പി.എം. ശ്രീ പദ്ധതി നടപ്പിലാക്കേണ്ടി വരുകയാണെങ്കിൽ ഉണ്ടാകുന്ന നേട്ടങ്ങളും പോരായ്മകളും സംബന്ധിച്ച് വിശദമായി പരിശോധിച്ചു വരുന്നു. പി.എം. ശ്രീ പദ്ധതിയിൽ ഉൾപ്പെടുന്നതിന് സംസ്ഥാനം ധാരണാപത്രം ഒപ്പുവച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ